# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 21/03/14

(12 JAMAD'UL AWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

എല്ലാവർക്കും അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വബർക്കാത്തുഹു പറഞ്ഞശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

**ജൻബാഹും മുബാഹലയും**

**"അഹംഭാവിയും, പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ല."** 4:37

2014 മാർച്ച് 07-ാം തീയതി വെള്ളിയാഴ്ച അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ് നടത്തിയ ഉർദുവിലുള്ള പ്രഭാഷണത്തിൽ, അഹംഭാവത്തോടെയും, പൊങ്ങച്ചത്തോടെയും, സന്തോഷ പ്രകടനം നടത്തുന്നു, അതായത് അയാൾ നല്ല ആരോഗ്യത്തോടെ കഴിയുന്നു എന്നും, ലോകത്ത് തന്റെ സന്ദേശം വ്യാപിച്ചു, എന്നും, മാത്രമല്ല താൻ കുറഞ്ഞത് 80 വയസ്സുവരെ ജീവിച്ചിരിക്കുമെന്നും, മുബാഹലതന്നിൽ യാതൊരു സ്വാധീനവും വരുത്തിയിട്ടില്ല എന്നും പ്രഖ്യാപിക്കുകയുണ്ടായി. മുബാഹലാ സംബന്ധമായി അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായി മൻസൂർ അഹ്മദും ഒപ്പുവെച്ചപ്പോൾ നടത്തിയ കരാർ ലംഘനത്തെക്കുറിച്ചും വിശ്വാസ വഞ്ചനയെക്കുറിച്ചും ഒന്നും മിണ്ടിയില്ല. (അതുകൊണ്ട് അല്ലാഹുവിന്റെ കോടതിയിലേക്ക് വരിക, അവർ രണ്ടു പേർക്കുമിടയിൽ മഹത്വമുടയവനായ അല്ലാഹു തീരുമാനിക്കട്ടെ, , മുസ്‌ലിഹ് മൗഊദ് (റ) നെ മോശം വാക്കുകളാൽ ദുഷിച്ച അയാളോണോ അതോ ഹസ്രത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആണോ യഥാർത്ഥ മുസ്‌ലിഹ് മൗഊദ് എന്ന്. ഹസ്രത് മസീഹ് മൗഊദ് (അ) ന് ലഭിച്ച വെളിപാട്, അയാൾക്കു വേണ്ടിയുള്ളതായിരുന്നു എന്നും, അതിൽ പറഞ്ഞ സാക്കി ഗുലാം അയാളാണെന്നും മുസ്‌ലിഹ് മൗഊദ് (റ) എന്നു വാദിച്ച രണ്ടാം ഖലീഫ വ്യാജനാണെന്നും ഉള്ളതായിരുന്നുവല്ലോ അയാളുടെ വാദം. അവർ ഒപ്പിടുവാൻ തയ്യാറായെങ്കിലും മുബാഹലാഫാറത്തിൽ തീയ്യതിവെയ്ക്കുവാൻ തയ്യാറായില്ല. കരാർ ലംഘനമാണ് നടത്തിയത്. അവർ ഈ കാര്യത്തിൽ നേരായവഴിയല്ല സ്വീകരിച്ചത്. അഥവാ ധീരമായ നിലപാടല്ല കൈക്കൊണ്ടത്. അവർ തീയതികുറിച്ചില്ല. മാസവും വർഷവും കാണിച്ചില്ല. അതുകൊണ്ട് തന്നെ ലോകത്തിന് മനസ്സിലാകും സത്യം എവിടെയാണ് വിജയിച്ചത് എന്ന് ? എല്ലായിടത്തും അദ്ദേഹത്തിന്റെ ജമാ അത്ത് വ്യാപിച്ചു എന്ന്. എന്നിട്ട് അദ്ദേഹത്തിന്റെ ജമാ അത്തിന്റെ കാര്യം മുബാഹല ഫാറത്തിൽ പറഞ്ഞിട്ടേ ഇല്ല.

**ജമാഅത്തു സ്സഹീഹിൽ ഇസ്‌ലാമിന്റെ നിലപാട്**

എന്നാൽ, ഞങ്ങൾ ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം ഹസ്രത് മസീഹ് മൗഊദ് (അ) ലും അദ്ദേഹത്തിന്റെ പ്രവചനത്തിലും ഉറച്ചു വിശ്വസിക്കുന്നു. അതായത് അല്ലാഹു (ത) അദ്ദേഹതതിന് ഒരു സ്വാതികസന്താനത്തെ നല്കുന്നതിനെ സംബന്ധിച്ചും മറ്റുമുള്ള പ്രവചങ്ങളിൽ, അപ്രകാരമുള്ള പ്രവചനത്തിൽ പറയപ്പെട്ട മകനായും മുസ്‌ലിഹ് മൗഊദായും (ഹസ്രത്ത് മിർസാ ബശീദുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നെ ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഞങ്ങൾ ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം- പ്രത്യേകിച്ച് എന്റെ അനുയായി ഫസിൽ ജമാൽ സാഹിബും ഞാനും, അബദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബും അദ്ദേഹത്തിന്റെ ജമാ അത്തുമായി മുബാഹലാ സമരത്തിൽ പ്രവേശിച്ച് (മുബാഹല ഫാറത്തിൽ) പൂർണ്ണമായും നിബന്ധനകൾ പൂർത്തിയാക്കിയില്ലെങ്കിലും അവർ ഇരുവരും (ജൻബാഹ് സാഹിബും അനുയായി മൻസൂർ സാഹിബും) ഒപ്പുവെയ്ക്കുക മാത്രമാണ് ചെയ്തത്. എന്നാൽ അവർ ഇരുവരും ഒപ്പുവെച്ചെങ്കിലും അവരുടെ ജമാ അത്തിന്റെ കാര്യം അതിൽ പറഞ്ഞിട്ടില്ല. ഈ വിനീതൻ എന്റെ ജമാ അത്തുമായിട്ടാണ് അവരെ നേരിട്ടത്. എന്നാൽ അവർ അതേ നിലയിൽ തിരിച്ച് നേരിടാൻ തയ്യാറായില്ല.

**ദൈവീക വെളിപാട്**

**"യാതൊരു സംശയത്തിനും ഇടയില്ല.   തീർച്ചയായും അല്ലാഹു അവരെ അപമാനിതമായി ശിക്ഷിക്കുന്നതാണ് (വെളിപാട്)"**

ധാർഷ്ട്യത്തോടെയും അഹങ്കാരത്തോടെയും അദ്ദേഹം പറയുകയുണ്ടായി, ശാരീരികമായി നല്ല ആരോഗ്യത്തിലാണെന്നും 80 വയസ്സു വരെ ജീവിച്ചിരിക്കുന്നതുമാണെന്ന് അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ് പറഞ്ഞതിന് മറുപടിയായി, ഞങ്ങൾ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന് വളരെ വിനീതമായി പറയാൻ കഴിയും, ഞങ്ങളുടെ ജമാ അത്ത് ലോകത്തിന്റെ പലഭാഗങ്ങളിൽ വ്യാപിച്ചിട്ടുണ്ട്. എന്ന്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ വെബ്സൈറ്റിലൂടെ വിവിധ ഭാഷകളിൽ ( ക്രയോൾ മാതൃഭാഷയായി സംസാരിക്കുന്നവർക്കുമാത്രമായി അത് പരിമിതപ്പെടുത്തിയിട്ടില്ല) ലോകമെങ്ങും ഈ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നു. 2008 മുതൽ വളരെയധികം വിവരങ്ങൾ ഈ സൈറ്റിലൂടെ ലോകത്തിന് നല്കിക്കൊണ്ടിരിക്കുന്നു. അൽ-അസീം തഫ്സീറുൽ ഖുർ ആൻ, സത്യാന്വേഷികളുടെ ആവശ്യാർത്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇൻഷാ അല്ലാഹ് അത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**അനേകം പുസ്തകങ്ങൾ**

അനേകം പുസ്തകങ്ങൾ എഴുതുവാനുള്ള സൗഭാഗ്യം അല്ലാഹു എനിക്ക് പ്രദാനം ചെയ്യുകയുണ്ടായി; ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ക്ഷണിച്ചു കൊണ്ട്, ഈ പുതിയ പുസ്തകങ്ങൾ സൈറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്. അനേകം രാജ്യങ്ങളിൽ ഞങ്ങളുടെ ജമാ അത്ത് ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജമാ അത്തിലേക്ക് രണ്ടു ഗ്രാമം മൊത്തത്തിൽ പ്രവേശിച്ചിരിക്കുന്നു. ഒരു കുടുംബമെന്ന നിലയിൽ അവർ ഒരു വലിയ ഭൂപ്രദേശം പളളികൾ നിർമ്മിക്കുന്നതിനും, ജമാ അത്തിന്റെ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി നല്കിയിരിക്കുന്നു. മറ്റു സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ തൃപ്തിമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് അല്ലാഹു പ്രത്യേകമായ അനുഗ്രഹങ്ങൾ വർഷിക്കുന്നു. ഈ രാജ്യങ്ങളിൽ ചില സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരവും അല്ലാഹു എനിക്ക് പ്രദാനം ചെയ്യുകയുണ്ടായി. അവിടത്തെ ജനങ്ങൾ അല്ലാഹുവിന്റെ ഈ സന്ദേശത്തെ സ്വീകരിച്ചിരിക്കുന്നു. അല്ലാഹു അവർക്ക് ഹിദായത്ത് നല്കിയിരിക്കുന്നു. എതിർപ്പൊന്നും ഉണ്ടായിട്ടില്ല എന്നു പറയുന്നില്ല. എന്നാൽ അല്ലാഹു തന്റെ തെരഞ്ഞെടുത്ത ദാസനോടൊപ്പമാണ് എന്ന കാരണത്താൽ അവരുടെ വെറുപ്പിന്റെ അഗ്നി കെട്ടടങ്ങുകയുണ്ടായി. അതോടൊപ്പം അല്ലാഹു ആരോടൊപ്പമാണ് എന്ന് കാണിക്കുകയുമുണ്ടായി.

**കാരുണ്യവും അനുഗ്രഹവും എവിടെ ?**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവന്റെ കാരുണ്യം എവിടെയാണ് എന്ന് കാണിക്കുകയുണ്ടായി. 2013 മാത്രം എടുത്തു പറയുകയാണ്. അസാധാരണമായ നിലയിൽ ജമാ അത്തുകൾ സ്ഥാപിക്കുകയും, രജിസ്റ്റർ ചെയ്യുകയും ചെയ്തു. മയോട്ടിയിലെ രണ്ടു ദ്വീപുകളിൽ ജമാ അത്തു സ്ഥാപിച്ചു. ഒരു പളളിക്ക് തറക്കല്ലിട്ടു. കോമൊറൊസ് ൽ ഒരു ഗ്രാമത്തിൽ ഔദ്യോഗികമായി ജമാ അത്ത് രജിസറ്റർ ചെയ്യുകയുണ്ടായി. അവിടെ മാധ്യമങ്ങളുമായി അഭിമുഖം നടത്തുകയുണ്ടായി.   ഇബാദത്തു ഖാന   മദ്രസ്സയുടെയും നിർമ്മാണം എന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ആ ഗ്രാമത്തിലെ മേയറും, മൊറോണിയിൽ നിന്നുളള ആളുകളും ബൈഅത്തു ചെയ്യുകയുണ്ടായി.

**മഡഗാസ്ക്കറിൽ രജിസ്ട്രേഷൻ**

മഡഗാസ്ക്കർ   എന്ന വലിയ രാജ്യത്തിലും ഔദ്യോഗിക രജിസ്ട്രേഷനുകൾ നടന്നു; അതോടൊപ്പം കുറെ ബൈഅത്തുകളും നടന്നു. 2013 നവംബറിൽ ഞാൻ റീ യൂണിയൻ ദ്വീപിലേക്ക് പോവുകയുണ്ടായി. അവിടെയും ജമാ അത്ത് വിജയ പ്രദമായ നിലയിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി; അതുപോലെ ബൈഅത്തുകളും ലഭിക്കുകയുണ്ടായി. അവിടെ രണ്ടു ദിവസത്തെ വാർഷിക സമ്മേളനവും നടക്കുകയുണ്ടായി. ജമാ അത്തിന്റെയും രാജ്യത്തിന്റെയും മേഖലകളിൽ മറ്റു പല പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ സാധി

ച്ചു. അൽഹംദുലില്ലാഹ്. അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ് പറഞ്ഞ നിലയിൽ ഞാനും പറഞ്ഞാൽ, ഒരുപാട് കാര്യങ്ങൾ പറയുവാനുണ്ട്, ഇന്ത്യയിലും, മൗറിഷ്യസിലും നടന്ന പ്രവർത്തനങ്ങൾ പ്രശംസനീയങ്ങളാണ്. ഇൻഡ്യയിൽ എന്റെ അനുയായികളായ, ഫസിൽ ജമാൽ സാഹിബ്, ജമാലുദ്ദീൻ സാഹിബ്, ഡോ. താഹിർ സാഹിബ്, മറ്റു അനേകം സഹോദരീ സഹോദരന്മാർ ദഅ്വ രംഗത്ത് വളരെവലിയ സംഭാവനകളാണ് നല്കുന്നത്. വെള്ളിയാഴ്ച ഖുത്തുബകൾ അവരുടെ ഭാഷയിലേക്ക് ഭാഷാന്തരം ചെയ്യുന്നു. സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു; നോട്ടീസുകൾ അടിച്ച് വിതരണം ചെയ്യുന്നു. പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നു; പ്രസിദ്ധീകരിക്കുന്നു. തമിഴ് , മലയാളം ഭാഷകളിൽ വ്യാപക പ്രചാരണം നടക്കുന്നുണ്ട്. വെബ്സൈറ്റിൽ ഇവകളൊക്കെ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

## തബ്ലീഗ് പ്രവർത്തനങ്ങൾ കേരളത്തിലും തമിഴ്നാട്ടിലും

ഡോ. താഹിർ സാഹിബ് ഈ സന്ദേശം എത്തിക്കുന്നതിൽ വളരെ വലിയ സേവനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ജമാലുദ്ദീൻ സാഹിബും അദ്ദേഹത്തിന്റെ പ്രവർത്തക സമിതി അംഗങ്ങളും വളരെയധികം ഗ്രാമങ്ങളിൽ ഈ സന്ദേശം എത്തിക്കുന്നതിനുള്ള സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ ഫസിൽ ജമാൽ സാഹിബ് ബ്ളോഗിലെ മഹത്തായ സേവനങ്ങളിൽ കർമ്മനിരതനായിരിക്കുകയാണ്. ഇസ്ലാമിലെയും അഹ്മദിയ്യത്തിലെയും പണ്ഡിതന്മാരുമായും മറ്റാളുകളുമായും ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. വാദമുഖങ്ങളുടെ അഭാവം മൂലം അവരുടെ വായ്കൾ അടഞ്ഞിരിക്കുകയാണ്. ഇത്തരത്തിലുള്ള അനേകം വിജയങ്ങളും, പുരോഗതിയും പറയുവാനുണ്ട്. ദീർഘിപ്പിക്കുന്നില്ല. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ നേട്ടങ്ങൾ ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സത്യതയ്ക്കു തെളിവുകളാണ്; അല്ലാഹുവിന്റെ ദാസനായ ഈ വിനീതന്റെ സത്യതയ്ക്കുള്ള തെളിവുകളാണ് ; അതുപോലെ ഇത് വാഗ്ദത്ത പരിഷ്ക്കർത്താവായ ഹസ്രത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ സത്യതയ്ക്കുള്ള തെളിവുകളാണ്.

## ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയ്ക്ക് ലഭിച്ച വെളിപാട്

ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫാ എന്ന നിലയിൽ, അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനോടും അദ്ദേഹത്തിന്റെ അനുയായികളോടും, അല്ലാഹുവിൽ നിന്ന് എനിക്കു കിട്ടിയ താഴെകാണുന്ന വെളിപാട്, അറിയിക്കുകയാണ്.

**“ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന് മഹത്തായ വിജയം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ് വിചാരിക്കുന്നത് അദ്ദേഹം നല്ല ശക്തനായിട്ടിരിക്കുകയാണെന്നാണ്. 2014 മാർച്ച് 7–ാം തീയതിലെ വെള്ളിയാഴ്ച ഖുത്തബയിൽ പറഞ്ഞ മറ്റു കാര്യങ്ങളിലും ഉറച്ചു നില്ക്കുകയാണ്. അദ്ദേഹം വിചാരിക്കുന്നത് അദ്ദേഹം സാക്കി ഗുലാം ആണെന്നാണ്. മുബാഹല അദ്ദേഹത്തിന്റെ മേൽ ഒന്നും ചെയ്യാൻ സാധിച്ചില്ല എന്നുമാണ്. ഇപ്പോൾ അദ്ദേഹം മറ്റുള്ളവരുടെ നേരെയും മുബാഹല വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. എന്നാൽ, ഇപ്പോൾ ഞാൻ പറയുകയാണ്, അദ്ദേഹം നേരെ പോകുന്നത് തെറ്റിലേക്കാണ്. ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ പ്രവചനമനുസരിച്ച്, അതായത് മുസ്ലിഹ് മൗഊദ്, സാക്കി ഗുലാം, സംബന്ധിച്ചുള്ള പ്രവചനം വളരെ വ്യക്തമാണ്. (അത് ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ലൂടെ പൂർത്തിയായിരിക്കുന്നു.) ആയതിനാൽ അബ്ദുൽഗഫ്ഫാർ ജൻബാഹ് സാഹിബ്, തന്റെ തന്നെ ആത്മാവിനു ദോഷം വരുത്തിക്കൊണ്ടിരിക്കുകയാണ്.”**

## പരീക്ഷിക്കപ്പെടുന്ന സംഘങ്ങൾ

അല്ലാഹു (ത) ഇതിലൂടെ ഒരു വളരെ വലിയ പരീക്ഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പരീക്ഷണ വിധേയമാവുന്നവർ (1) അഹ്മദികൾ (2) ജമാ അത്തുസ്സഹീഹിൽ ഇസ്ലാം (3) ലാഹോർ അഹ്മദിയ്യ പ്രസ്ഥാനം (4) ജമാ അത്ത് അഹ്മദിയ്യാ ഹഖീഖിയ്യി (5) ജമാ അത്തു അഹ് മദിയ്യാ ഇസ്ലാഹ് പസന്ത് (6) ജമാ അത്ത് അഹ്മദിയ്യാ അൽമുസ്ലിമീൻ.

**ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം പ്രതിരോധ സംഘം**

കഴിഞ്ഞ മുബാഹലയെക്കുറിച്ച് ഗഹനമായി ചിന്തിക്കുക, അഹ്മദിയ്യ ജമാ അത്തിന്റെ രണ്ടാം ഖലീഫാ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ മേൽ നടത്തിയ, മ്ളേച്ഛ വാക്കുകളും, വിമർശനങ്ങളും, ആക്ഷേപങ്ങളും, സഹിക്കാൻ വയ്യാതെയാണ് ഈ വിനീതൻ ഈ മുബാഹല ഏറ്റെടുത്തതും നടത്തിയതും, മുസ്‌ലിഹ് മൗഊദ് (റ) ന്റെ മഹത്വവും, അന്തസ്സും, യശസ്സും കാത്തു സൂക്ഷിക്കുന്നതിനാണ് ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം മുന്നോട്ടു വന്നതും ജൻബാഹ് സാഹിബിനെയും സംഘത്തെയും പ്രതിരോധിച്ചതും, ഇതു സംബന്ധമായി എല്ലാ സഹോദരീ സഹോദരന്മാരും ചിന്തിക്കണം. ഈ സാഹചര്യത്തെ വിലയിരുത്തുമ്പോൾ, ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ അതായത് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ന്റെതായി ആറിലധികം ജമാ അത്തുകൾ ഉള്ളതായി മനസ്സിലാകുന്നതാണ്. ഏതായാലും പ്രധാനപ്പെട്ട 6 സംഘങ്ങൾ ഉണ്ട്. ഈ 6 സംഘങ്ങളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കാം. ഒരു ഗ്രൂപ്പ്, ഹോഷിയാർപൂരിൽ 40 ദിവസത്തെ മസീഹ് (അ) ന്റെ പ്രാർത്ഥനാ ഫലമായി ലഭിച്ച വെളിപാടുകളുടെ അടിസ്ഥാനത്തിൽ സ്വാതികനും ബുദ്ധിമാനുമായ ഒരു സുതനെക്കുറിച്ചുള്ള വാർത്ത, അത് മുസ്‌ലിഹ് മൗഊദ് (റ) ഹസ്രത് മിർസാ ബിശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആണെന്ന് അംഗീകരിക്കുന്നവർ. മറ്റു ഗ്രൂപ്പ് അദ്ദേഹം മുസ്‌ലിഹ് മൗഊദ് ആണ് എന്ന് അംഗീകരിക്കാത്തവർ. അങ്ങനെ ആ 6 ജമാഅത്തുകൾ തുല്യമായി പിരിഞ്ഞിരിക്കുന്നു. മുസ്ലിഹി മൗഊദി (റ) ന്റെ സത്യതയെ അംഗീകരിക്കുന്ന 3 വിഭാഗങ്ങൾ, അംഗീകരികാത്ത 3 വിഭാഗങ്ങൾ.

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നെ മുസ്‌ലിഹ് മൗഊദാണ് എന്ന് ഉറച്ചു വിശ്വസിക്കുന്ന വിഭാഗങ്ങൾ (1) ഖിലാഫത്തു വ്യവസ്ഥയിലൂടെ നിയന്ത്രിക്കുന്ന അഹ്മദിയ്യ മുസ്‌ലിം വിഭാഗം. (2) ജമാ അത്ത് അഹ്മദിയ്യാ അൽ മുസ്‌ലിമീൻ (3) ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം. മതിയായ യാതൊരു കാരണങ്ങളുമില്ലാതെ എല്ലാവിധ ആക്രമണങ്ങളും അഴിച്ചു വിടുന്ന വിഭാഗങ്ങളാണ് (1) ലാഹോർ അഹ്മദിയ്യാ പ്രസ്ഥാനം (2) ജമാ അത്ത് അഹ്മദിയ്യാഹഖീഖി (3) ജമാഅത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്ത്.

**മുബാഹലയുടെ തുടക്കം**

അങ്ങനെ 2011 ൽ മുബാഹലയ്ക്കു തുടക്കം കുറിച്ചു. ഞാൻ 2011 നവംബർ 21-ാം തീയതി മുബാഹലയിൽ ഒപ്പു വെച്ചു; എന്നാൽ മറുപക്ഷം 2012 ഫെബ്രുവരിയിലാണ് ഒപ്പ് വെച്ചത്. അങ്ങനെ മുസ്‌ലിഹ് മൗഊദ് ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ൽ (ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം) വിശ്വസിക്കുന്ന ഒരു സംഘവും അതിനെ എതിർക്കുന്ന അതായത് അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിന്റെ സംഘമായ ജമാഅത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്ത്മായിട്ടായിരുന്നു മുബാഹല.

**മുബാഹല നിയമങ്ങൾ പാലിച്ചില്ല.**

അബ്ദുൽഗഫ്ഫാർ ജൻബാഹ് സാഹിബ് മുബാഹല നിയമങ്ങൾ എല്ലാം പാലിച്ചില്ല എന്നത് സത്യമായ വസ്തുതയാണ്. അദ്ദേഹം മുബാഹല രേഖയിൽ തീയതി, മാസം , വർഷം രേഖപ്പെടുത്തിയില്ല, അതുപോലെ അദ്ദേഹത്തിന്റെ ജമാ അത്തിന്റെ പേരും ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ ഞാൻ സൂചിപ്പിച്ച സ്ഥലത്ത് എന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല കാരണം അവർ വിചാരിക്കുന്നത് ഞാനൊരു കള്ളനാണ് എന്നാണ്. അതിന്റെ കാരണം ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്നെ അവരുടെ മുമ്പിൽ വ്യാജനാണ്. (അല്ലാഹുകാക്കട്ടെ) അതുകൊണ്ട് തന്നെ അവരുടെ മുമ്പിൽ ഞാനും വ്യാജനാണ്.- രണ്ടു വർഷത്തെ മുബാഹല കൊണ്ട് യാതൊരു ഫലവുമുണ്ടായില്ല - ആയതിനാൽ

**അഹ്മദികളോട് ചില ചോദ്യങ്ങൾ**

അഹ്മദികളോടു ചില ചോദ്യങ്ങൾ ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം അഹ്മദികൾ, മുസ്‌ലിഹ് മൗഊദ് (റ) ൽ വിശ്വസിക്കുന്നു എന്നു പറയുന്നുവെങ്കിലും, മുബാഹല നടത്തിയത് പരിഗണിക്കുമ്പോൾ, അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനെതിരിലാണ്, ഈ മുബാഹല നടന്നത്. ഈ സന്ദർഭത്തിൽ അവർ ജൻബാഹ് സാഹിബിന്റെ പക്ഷം ചേരുവാൻ ആഗ്രഹിക്കുന്നു; അവരിൽ ചിലർ അദ്ദേഹത്തെ അഭിസംബോധന ചെയ്തിരിക്കുന്നത് **ജനാബ് അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബ്** എന്നാണ്. മുസ്‌ലിഹ്

മൗഊദ് (റ) ന്റെ കഠിന ശത്രുവാണ് ജൻബാഹ് എന്നവർക്കറിയാമെങ്കിലും, ഞാൻ അബ്ദുൽഗഫ് ഫാർ ജൻബാഹുമായി നടത്തിയ ഈ മുബാഹല, ഇഷ്ടമല്ലെങ്കിലും, ഇഷ്ടമുള്ളതായി അവർ കരുതുന്നു.

**<u>അഹ്മദികളോടുള്ള എന്റെ ചോദ്യങ്ങൾ</u>**

മുബാഹല വെല്ലുവിളിക്കുശേഷം, അല്ലാഹുവിന്റെ കോടതിയിൽ നിന്നും, അബ്ദുൽഗഫ്ഫാർ ജൻബാ സാഹിബിനെതിരിൽ പ്രകടമായ ഫലങ്ങളൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ കാര്യത്തിൽ നിങ്ങൾ എന്ത് നിലപാടു സ്വീകരിക്കും ?

1) അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനെ മുസ്‌ലിഹ് മൗഊദും, സാക്കി ഗുലാമുമായി അംഗീകരിക്കുമോ ?

2) ഹസ്രത് മുസ്‌ലിഹ് മൗഊദ് (റ)നെ തിരസ്ക്കരിക്കുമോ ? അദ്ദേഹത്തെ നിങ്ങൾ തിരസ്ക്കരിക്കുകയില്ലെങ്കിൽ, (3) മുസ്‌ലിഹ് മൗഊദ് (റ) ന്റെ മേൽ എല്ലാവിധ ആക്ഷേപങ്ങളും ചൊരിയുന്ന ആളിന് അനുകൂലമായി നില്ക്കുമോ ? അദ്ദേഹത്തെ അംഗീകരിക്കുമോ ? (4) നിങ്ങളിലൂടെ അല്ലാഹു ഒരു വലിയ പരീക്ഷണം നടത്തുകയാണ് എന്ന് നിങ്ങൾ ചിന്തിക്കുമോ ? ഈ നൂറ്റാണ്ടിൽ  നിങ്ങൾക്കു വേണ്ടി നിങ്ങളിൽ നിന്ന് ഒരു ദൂതനെ തെരഞ്ഞെടുത്തയച്ചിരിക്കുകയാണ്; നിങ്ങൾ അദ്ദേഹത്തെ തിരസ്ക്കരിക്കുകയാണോ ദൈവീക ദൃഷ്ടാന്തത്തെ തിരസ്ക്കരിക്കുകയാണോ ?

**<u>ലാഹോരി പാർട്ടിയോടും ജമാ അത്ത് അഹ്മദിയ്യാ ഹഖീഖിയോടും ചില ചോദ്യങ്ങൾ :</u>**

നിങ്ങൾ മുസ്‌ലിഹ് മൗഊദ് (റ) ത് എതിരാണല്ലോ ? രണ്ടു വർഷം നീണ്ടു നിന്ന മുബാഹല അവസാനിച്ചിരിക്കുന്നു. നിങ്ങൾ ഇനി എന്താണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ? അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിന്റെ അഭിപ്രായത്തിൽ, അദ്ദേഹം എല്ലാ നിലയിലും തല ഉയർത്തി നില്ക്കുകയാണ്; എല്ലായിടത്തും പുരോഗതി നേടിയിരിക്കുന്നു മാത്രമല്ല അദ്ദേഹം 80 വയസ്സ് വരെ ജീവിച്ചിരിക്കുമെന്ന് പ്രവചനവും നടത്തിയിരിക്കുന്നു. നിങ്ങളും മുസ്‌ലിഹ് മൗഊദി (റ) നെ അദ്ദേഹവും സംഘവും മനസ്സിലാക്കിയതുപോലെ മനസ്സിലാക്കിയിരിക്കുന്നു. അപ്പോൾ നിങ്ങൾ എന്തു ചെയ്യും ?

1) അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനെ മുസ്‌ലിഹ് മൗഊദായും സാക്കി ഗുലാമുമായി അംഗീകരിക്കുമോ ?

2) നിങ്ങളുടെ അഭിപ്രായമനുസരിച്ച്, ജൻബാഹ് സാഹിബിന് ഒരു പോറലും ഏറ്റിട്ടില്ല. മുസ്‌ലിഹ് മൗഊദ് (റ) ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വ്യാജനാണ്. ജൻബാഹ് സാഹിബ് മുസ്‌ലിഹ് മൗഊദ് (റ) വ്യാജനാണ് എന്ന് തെളിയിച്ചിരിക്കുകയാണ്. അങ്ങനെ അദ്ദേഹം തന്റെ തന്നെ സത്യത സ്ഥാപിച്ചിരിക്കുകയാണ്. അപ്പോൾ നിങ്ങൾ എന്തു ചെയ്യും ?

3). അബ്ദുൽ ഗഫ്ഫാർ ജൻബാഹിന്റെ ജമാഅത്തുമായി നിങ്ങൾ ഇരുകൂട്ടരുടെയും ജമാ അത്തുകൾ ലയിക്കുമോ ? അദ്ദേഹത്തിന്റെ കൈകളിൽ നിങ്ങൾ ഇരുകൂട്ടരും ബൈഅത്തു ചെയ്യുമോ ? ഈ മുബാഹലയിലൂടെ ഒരു വലിയ പരീക്ഷണം അല്ലാഹു നടത്തിയിരിക്കുകയാണ്. അഹ്മദിയ്യത്തിലുള്ള എല്ലാ ജമാഅത്തുകളും ഒരേ സ്വരത്തിൽ പറയുന്നു അവർ മസീഹ് മൗഊദ് (അ) ൽ വിശ്വസിക്കുന്നു, അദ്ദേഹത്തിന്റെ പ്രവചനങ്ങളിൽ വിശ്വസിക്കുന്നുവെന്ന്. മുബാഹല അല്ലാഹുവിന്റെ കോടതിയിൽ എത്തിയിരിക്കുന്നു. ആർക്കും ഒന്നും സംഭവിച്ചിട്ടില്ല. അബ്ദുൽ ഗഫ്ഫാർ ജൻബാഹിന്റെ ജമാഅത്തിനോ (അദ്ദേഹത്തിന്റെ പ്രഖ്യാപനം അനുസരിച്ച്) ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന് അല്പം ചില ആത്മീയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആറ് ജമാ അത്തുകളും (ജമാ അത്ത് അഹ്മദിയ്യാ പ്രധാനമായും ആറായി പിരിഞ്ഞിട്ടുണ്ട്) പറയുന്നു. ഞങ്ങൾ ഓരോരുത്തരും നേരായ പാതയിലാണെന്ന്. സത്യം എങ്ങനെ ഒരാൾക്ക് തിരിച്ചറിയുവാൻ സാധിക്കും ?

**അഹങ്കാരിയെയും പൊങ്ങച്ചക്കാരനെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.**

ഹസ്രത് മസീഹ് മൗഊദ് (നെ) ന്റെ പ്രവചന പ്രകാരം തന്റെ തന്നെ ഒരു മകനിൽ നിന്നാണ് മുസ്‌ലിഹ് മൗഊദ് (റ) വരേണ്ടത്. എന്നാൽ ജൻബാഹ് ഈ പ്രവചനത്തെ ദു:ർ വ്യാഖ്യാനം ചെയ്ത് തന്നിലേക്ക് ആവാ

ഹിച്ചിരിക്കുകയാണ്. സത്യത്തെ സ്വീകരിക്കുവാനും അംഗീകരിക്കുവാനും കൂട്ടാക്കാത്ത പരുഷ നിലപാടാണ് അയാൾ സ്വീകരിച്ചിരിക്കുന്നത്. സംശയമില്ല. അല്ലാഹു എല്ലാം രഹസ്യങ്ങളും അറിയുന്നവനാണ്. അബ്ദുൽഗഫ്ഫാർ സാഹിബ്, മറ്റുള്ളവരെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതും അവൻ അറിയുന്നു. നിശ്ചയം അല്ലാഹു പൊങ്ങച്ചക്കാരനെയും അഹംഭാവിയേയും ഇഷ്ടപ്പെടുന്നില്ല. വിധിനാളിൽ തന്റെ എല്ലാ പാവങ്ങളുമായി ഹാജരേകണ്ടിവരും, മാത്രമല്ല താൻ വഴി കേടിലാക്കിയ അറിവില്ലാത്തവരുടെ ഭാരങ്ങളും ചുമക്കേണ്ടി വരും. മറ്റുള്ളവരെ ദു:ർമാർഗ്ഗത്തിലാക്കുന്നവരെ അല്ലാഹു നേർമാർഗ്ഗത്തിലാക്കുകയില്ല. അല്ലാഹു അവർക്കെതിരാകുമ്പോൾ അവരെ സഹായിക്കുവാൻ മറ്റാരുമുണ്ടാവില്ല.

**ഈ നൂറ്റാണ്ടിലെ ഫറോവ അഥവാ ഏരിയൽ ഷാരോൺ**

ആയതിനാൽ കാത്തിരിക്കുക. ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുകയാണ്. അബ്ദുൽഗഫ്ഫാർ ജൻബാഹ് സാഹിബ് 80 വയസ്സുവരെ ജീവിച്ചിരിക്കുമെന്ന് അയാൾ പറയുന്നു. ഈ വിഷയത്തിൽ ഞാൻ പ്രതികരിക്കുന്നില്ല. കാരണം അയാൾ ഈ നൂറ്റാണ്ടിലെ ഫറോവ ആയിരിക്കുകയാണ്! അഥവാ ഈ നൂറ്റാണ്ടിലെ ഏരിയൽ ഷാരോൺ ആയിരിക്കുകയാണ് !

**അല്ലാഹുവിന്റെ കല്പന വരുന്നു**

അല്ലാഹുവിന്റെ കല്പന വന്നുകൊണ്ടിരിക്കുന്നു. അതിന് നിങ്ങൾ ധൃതികാണിക്കാണിക്കേണ്ട. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിലെല്ലാം ദൃഷ്ടാന്തമുണ്ട്. എല്ലാ കാര്യങ്ങളുടെയും അളവ് അല്ലാഹുവിന്റെ പക്കലുണ്ട്. തെറ്റുകൾ അല്ലാഹു അങ്ങേ അറ്റം പൊറുത്തു കൊടുക്കുന്നവനാണ്. അതോടൊപ്പം അവൻ കഠിനമായി ശിക്ഷിക്കുന്നവനുമാണ്. ഒരു സമുദായത്തിന് ദോഷം വരുത്തുവാൻ അല്ലാഹു ഉദ്ദേശിച്ചാൽ, അതു തടഞ്ഞു നിർത്തുവാൻ ആർക്കും സാധിക്കുകയില്ല. അല്ലാഹുവിനെതിരിൽ ഒരു സംരക്ഷകനെയും കണ്ടെത്തുകയുമില്ല. വ്യാജ ദൂതന്മാരിൽ വിശ്വസിക്കുകയും, വിശ്വാസ വഞ്ചന നടത്തിയവരെ അവർ തിരിച്ചറിയുകയും ചെയ്യുമ്പോൾ, അവരതാ നിരാശരായി തീരുന്നു. സർവ്വശക്തനായ അല്ലാഹുവിൽ വിശ്വസിച്ച്, ക്ഷമയോടെ, ഉറച്ചു നിന്നവർ തീർച്ചയായും അന്തിമമായി വിജയിക്കുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്.

Translated By
***R. Jamaludin Raother***
*(A Humble Disciple of Hazrat Khalifathulla*
*Ph: 9447001832 / 0475 2220223*

*************